**<u>തടി വിൽപ്പന - ദർഘാസ് ലേലം നോട്ടീസ്</u>**

കേരള സർവകലാശാലയുടെ സെനറ്റ് ഹൗസ് ക്യാമ്പസ്സിലെ സെല്ലാറിൽ സൂക്ഷിച്ചിരിക്കുന്ന തേക്ക്, ആഞ്ഞിലി, മറ്റു വിറകു തടികൾ എന്നിവ വിലക്കെടുക്കാൻ യോഗ്യരായ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മുദ്‌ വച്ച ദർഘാസുകൾ ക്ഷണിക്കുന്നു. ഇ. എം. ഡി. തുക 50000/- രൂപ രജിസ്ട്രാർ എന്ന പേരിൽ (എസ്. ബി. ഐ. കെ യു ഓ സി ബ്രാഞ്ചിൽ മാറാവുന്നത്) വെള്ള പേപ്പറിൽ ദർഘാസും അപേക്ഷകന്റെ പേരും മേൽവിലാസവും തിരിച്ചറിയൽ രേഖയുടെ പകർപ്പും ജി എസ് ടി നമ്പറും (രെജിസ്ട്രേഷൻ ഉണ്ടെങ്കിൽ മാത്രം) ഫോൺ നമ്പറും രേഖപ്പെടുത്തി 2022 നവംബർ മാസം 19ആം തീയതി രാവിലെ 11.00 മണിക്ക് മുൻപായി ആസ്ഥാന മന്ദിരം രജിസ്ട്രാറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്.

പ്രസ്തുത തടികൾ വിൽക്കാനായി അന്നേ ദിവസം 3.00 മണിക്ക് രജിസ്ട്രാറുടെ കാര്യാലയത്തിൽ വച്ച് ഒരു പൊതു ലേലവും നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നതിന് രജിസ്ട്രാർ, കേരള സർവകലാശാല ആസ്ഥാനം എന്ന പേരിൽ പ്രത്യേകം എടുത്ത 50000/- രൂപയുടെ ഡി.ഡി. ഇ. എം. ഡി. ആയി സമർപ്പിക്കേണ്ടതാണ്.

പ്രസ്തുത തടികളുടെ വിവരങ്ങൾ നേരിട്ട് അറിയുന്നതിനും അവ നേരിൽ കാണുന്നതിനും കേരള സർവകലാശാല ആസ്ഥാനമന്ദിരം രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ലേലം ലഭിച്ച വ്യക്തി/സ്ഥാപനം മുഴുവൻ ലേലതുകയും ഉൾപ്പെടെ ഭരണാനുമതിക്കു വിധേയമായി 3 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഒടുക്കി രസീത് ഹാജരാക്കേണ്ടതും 5 ദിവസങ്ങൾക്കുള്ളിൽ വസ്തുക്കൾ സെല്ലാറിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ് .

ഒപ്പ്
രജിസ്ട്രാർ